Parish Bulletin - Jan 20, 2019

St. Mary's Knanaya Catholic Parish

7800 W. Lyons, Morton Grove, IL. 60053

www.smkcparish.us . 847 919 5279



Pastor: Rev. Fr. Thomas Mulavanal
eMail: mulavan@hotmail.com Ph: 310 709 5111
Associate Pastor: *Rev. Fr. Bins Chethalil*
Ph: 281 818 6518
Secretary: *Rev. Sr.Sylverius SVM Ph: 224 432 3217*

Trustees:

(Coordinator) Tito Kandarappallil Ph: 847 323 3109
Polson Kulangara Ph: 847 207 1274
Joy Chemmachel Ph: 312 560 1600
Siby Kaithakkathottiyil Ph: 773 620 1202
Tony Kizhakkekuttu ph: 847 736 5151

HOLY MASS SCHEDULE

SUNDAY

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

MONDAY — THURSDAY

07:00pm Holy Mass in Malayalam

TUESDAY

After Mass Novena to St. Anthony

THURSDAY

After Mass Novena to St. Jude

FRIDAY

06:00pm Holy Mass in Malayalam

SATURDAY

10:00am Holy Mass in Malayalam
followed by Novena to Our Lady of Perpetual Help

സെന്റ് മേരീസ് ദേവാലയത്തിൽ വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ ആചരിച്ചു

മോർട്ടൺഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ ഭക്തി ആദരവോടെ ആചരിച്ചു. ചാമക്കാലാ പള്ളി ഇടവക മധ്യസ്ഥനായ വി. യോഹന്നാൻ ഏവൻഗേലീസ്തയുടെ തിരുനാൾ, ജനുവരി 13 ഞായറാഴ്ച ചിക്കാഗോ സെന്റ് മേരീസ് ഇടവകയിലെ ചാമക്കാല ഇടവകാംഗങ്ങളുടെ നേതൃത്വത്തിലാണ് നടത്തിയത്. സ്നേഹത്തിന്റെ അപ്പസ്തോലനായ വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ നടന്ന വിശുദ്ധ ബലിയിലും, തിരുനാൾ തിരുക്കർമങ്ങളിലും ഇടവക അസി.വികാരി ഫാ.ബിൻസ് ചേത്തലിൽ മുഖ്യ കാർമികത്വം വഹിച്ച് വചനസന്ദേശം നൽകി. 'യേശു തന്റെ അന്ത്യത്താഴ വേളയിൽ വരാനിരിക്കുന്ന ഒറ്റിക്കൊടുക്കലിന്റെയും ഒറ്റപ്പെടുത്തലിന്റെയും ഹൃദയ സംഘർഷാവസ്ഥയിൽ യേശുവിനോടു ചേർന്നിരുന്ന് യേശുവിന്റെ ഹൃദയരാഗം മനസ്സിലാക്കിയ വിശുദ്ധനായിരുന്നു യോഹന്നാൻ ഏവൻഗേലീസ്തയെന്നും, മാനവകുലത്തിന്റെ രക്ഷയ്ക്കായി പരി. കന്യകാമറിയത്തെ സ്വന്തം അമ്മയായി ഏൽപ്പിക്കപ്പെട്ട വി. യോഹന്നാൻ ശ്ലീഹായെപോലെ നാമും ജീവതത്തിൽ യേശുവിന്റെ ഹൃദയരാഗം മനസിലാക്കി ജീവിക്കണമെന്ന് ബിൻസ് അച്ചൻ തന്റെ വചന സന്ദേശത്തിൽ ജനങ്ങളെ അറിയിച്ചു.നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്ത തിരുനാൾ ആഘോഷങ്ങളുടെ സമാപനത്തിൽ സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.ചർച്ച് എക്സിക്യൂട്ടീവിന്റെയും ചാമക്കാല ഇടവകാംഗങ്ങളുടെയും നേതൃത്വത്തിൽ പരിപാടികളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.

ദൈവദാസൻ മാർ മാത്യു മാക്കീൽ പിതാവിന്റെ നൂറ്റി അഞ്ചാമത് ചരമവാർഷികവും അനുസ്മരണ ശുശ്രൂഷയും

ചിക്കാഗോ സെന്റെ മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ദൈവദാസൻ മാർ മാത്യു മാക്കീൽ പിതാവിന്റെ നൂറ്റി അഞ്ചാമത് ചരമദിനവും അനുസ്മരണ ശുശ്രൂഷയും നടത്തപ്പെടുന്നു. ചരമദിനമായ ജനുവരി 26 ശനിയാഴ്ച രാവിലെ 10 മണിക്ക് വി.കുർബാനയും, അനുസ്മരണ ശുശ്രൂഷയും തുടർന്ന് മന്ത്രായും നടത്തപ്പെടും.

SERVANT OF GOD MATHEW MAKIL
(1851-1914)

ദനഹാ മൂന്നാം ഞായർ / Third Sunday of Eppiphany

Jan 20	PASSAGE	10:00 AM Mass	11 PM Mass
1st Reading	Num 11:11-20	Molgeena Thattamattathil	Ashley Poothurayil
2nd Reading	Heb 04 : 01-10	Marykutty Chemmachel	Rebecca Puthethu
Gospel	Jn 01:29-34		

വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാളിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട നേതൃത്വം നല്കിയ ചാമക്കാല ഇടവകാംഗങ്ങൾ

MARCHING FOR A REASON

"The thief comes only to steal and kill and destroy; I have come that they may have life, and have it to the full" (John 10:10)

They walk barefooted in their brown habits undeterred by their bruised feet. It's Twenty-degree in the morning and the wind is vengeful. Yet they walk with fervor, unceasingly praying their Rosaries. They are the Franciscans who are at the March for Life in Washington D.C., praying for all unborn babies to see that first glimpse of light. These Franciscans remind us about the dignity of life. The Gospel that our Lord taught us is a Gospel that protects life, one that respects everyone's freedom, including the freedom of the unborn.

Our society today is creating a misconception of what true freedom is. All of us have freedom, but our freedom should never hinder another person's freedom. From the first moment of conception, a fetus has a soul and is created in the image and likeness of God. Therefore, a fetus is a person with dignity and freedom. When a person decides to take the life of an unborn baby, he/she forgets another person's freedom to live. Our freedom should enable us to grow in our relationship with God and make others live life to its fullness. The individual freedom of a person is obstructed in abortion. God however, is merciful to those who have had abortions, who have been hurt.

The March for Life is not just a public protest against the culture of death; it is a statement that should change our understanding of life. Jesus became a man to give life and to give it to the fullness. Let's pray to God that America would become a country that fully respects the freedom of the unborn. The infamous Roe v. Wade decision that was issued in 1973 is a wound in American history that is still unhealed. Let's offer up our prayers and do all that we can do to speak against this practice that is still prevalent in our society.

Bro. Joseph (Ankit) Thachara

സർക്കുലർ

സീറോമലബാർസഭയുടെമേജർആർച്ചുബിഷപ്പ്
കർദിനാൾജോർജ്ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായമെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കുംസമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക്ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാദൈവജനത്തിനുംഎഴുതുന്നത്.

ഈശോയിൽഏറ്റവുംസ്നേഹമുള്ളസഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ 27-ാമത് സിനഡ് ജനുവരി 7-മുതൽ 18 വരെയുള്ള തീയതികളിൽ സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. സിനഡിന്റെ വിജയത്തിനായി ഏറെ പരിത്യാഗങ്ങൾ അനുഷ്ഠിച്ച് പ്രാർത്ഥിച്ച എല്ലാവിശ്വാസികളെയും ഞാൻ നന്ദിയോടെ ഓർത്ത് ദൈവതിരുമുമ്പിൽ സമർപ്പിക്കുന്നു. സിനഡിൽ പങ്കെടുത്ത അമ്പത്തിയഞ്ച് പിതാക്കന്മാരും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും ജ്ഞാനത്തിനുമായി സിനഡിനിടയിൽ ഉപവസിച്ചു പ്രാർത്ഥിച്ചു. സഭാകാര്യാലയമായ മൗണ്ട് സെന്റ്തോമസിലെ നിത്യാരാധനയിൽ ഈദിവസങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സിനഡിന്റെ വിജയത്തിനായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിയ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ സഭയെ സംബന്ധിക്കുന്ന ഒട്ടേറെ മേഖലകളിൽ ക്രിയാത്മകമായ തീരുമാനങ്ങളും നടപടികളും ഈ സിനഡിലെ കൂട്ടായ ചർച്ചകളിലൂടെ രൂപപ്പെട്ടിട്ടുണ്ട്. മാറുന്ന കാലഘട്ടത്തിലെ സെമിനാരിപരിശീലനം, നമ്മുടെ കുർബാനക്രമം, അൽമായപങ്കാളിത്തം, പ്രേഷിതാഭിമുഖ്യം, കാർഷികമേഖല, യുവജനങ്ങൾ, തുടങ്ങിയ മേഖലകളിൽ ആഴമേറിയ ചർച്ചകളും വിചിന്തനങ്ങളും സിനഡിൽ നടക്കുകയുണ്ടായി. ഇവയെ സംബന്ധിച്ചെടുത്ത കൂട്ടായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ നിങ്ങളെ ക്രമേണ അറിയിക്കുന്നതാണ്. സിനഡിന്റെ ചില സുപ്രധാന തീരുമാനങ്ങൾ നിങ്ങളെ അറിയിക്കണമെന്ന് സിനഡുപിതാക്കന്മാർ ഏകമനസ്സോടെ അഭ്യർത്ഥിച്ചതിനാലാണ് ഈ സർക്കുലർ ഞാൻ നിങ്ങൾക്ക്എഴുതുന്നത്.

എറണാകുളം – അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നിയോഗിച്ച അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ ആയ അഭിവന്ദ്യ മാർജേക്കബ് മനത്തോടത്ത്പിതാവ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാടുകൾക്കും നടപടികൾക്കും സിനഡ് പൂർണ പിന്തുണ അറിയിച്ചു. എറണാകുളം – അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് അതിരൂപതയിലെ മെത്രാന്മാരായ ഞങ്ങൾ നാലുപേരും ഈ ദിവസങ്ങളിൽ ഒരുമിച്ചിരുന്ന് വിശദമായ ചർച്ചനടത്തുകയും പ്രശ്നപരിഹാരത്തിനുള്ള മാർഗങ്ങൾ പ്രാർത്ഥനാപൂർവം തേടുകയും ചെയ്തു. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ നിയമിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതോടെ വസ്തുതകളുടെ നിജസ്ഥിതി

വ്യക്തമാകും. പ്രസ്തുത റിപ്പോർട്ട് റോമിലെ പൗരസ്ത്യ സഭകൾക്കുള്ള കാര്യാലയത്തിലാണ് അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ സമർപ്പിക്കേണ്ടത്. അവിടെ നിന്ന് ലഭിക്കുന്ന നിർ ദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പ്രശ്നങ്ങളും പൂർണമായും പരിഹരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട പരസ്യപ്രസ്താവനകളിൽനിന്ന് എല്ലാവരും വിട്ടുനില്ക്കണമെന്നും സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലൂടെ ദുഷ്പ്രചരണങ്ങൾ നടത്തുന്നവർക്കെതിരേ ജാഗ്രത പാലിക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോമലബാർസഭയിലുള്ള ശ്രേഷ്ഠമായ പദവി സിനഡ് പ്രത്യേകം അനുസ്മരിച്ചു. അതിരൂപതയുടെ കൂട്ടായ്മയ്ക്കും പദവിക്കും ഹാനികരമായ തീരുമാനങ്ങൾ സിനഡിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന രീതിയിലുള്ള വാർത്തകൾ ദുരുദ്ദേശപരവും അടിസ്ഥാനരഹിതവുമാണെന്ന് സിനഡ് അറിയിക്കുന്നു.

സഭയിലെ ബഹുഭൂരിപക്ഷം വൈദികരും സന്യസ്തരും തികഞ്ഞ അച്ചടക്കത്തോടെ വ്രതങ്ങൾ പാലിച്ച് ജീവിക്കുന്നുവെന്നതാണ് സഭയുടെ കരുത്ത്. എന്നാൽ, സമകാലിക സംഭവങ്ങളുമായി ബന്ധപ്പെട്ട് സഭയിലുണ്ടായ ചില അച്ചടക്കരാഹിത്യങ്ങൾ പരിഹരിക്കണമെന്ന് സിനഡ് വിലയിരുത്തി. ഇതിനായി സിനഡ് വ്യക്തമായ മാർഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. വി.പൗലോസ് അപ്പസ്തോലൻ സൂചിപ്പിക്കുന്ന അരാജകത്വത്തിന്റെ അരൂപി (2തെസ 2:7) നമ്മുടെ സഭയിൽ വളരാതിരിക്കുവാൻ സഭയൊന്നാകെ പരിശ്രമിക്കേണ്ടതുണ്ട്. സമീപകാലത്ത് ഏതാനും ചില വൈദികരും സന്യസ്തരും ഉൾപ്പെട്ട പരസ്യപ്രതിഷേധങ്ങളും സമരങ്ങളും അച്ചടക്കത്തിന്റെ സകലസീമകളും ലംഘിച്ചതായി സിനഡ് വിലയിരുത്തി. ചില വൈദികരും സന്യസ്തരുമെങ്കിലും സഭാവിരുദ്ധ ഗ്രൂപ്പുകളുടെ കൈകളിലെ പാവകളായോ സജീവ സഹകാരികളായോ മാറുന്നതായും സിനഡ് സംശയം രേഖപ്പെടുത്തി. സഭയിലെ അച്ചടക്കം പുനഃസ്ഥാപിക്കാൻ സിനഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സഭയിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തുന്ന വ്യക്തികൾക്ക് കാരണംകാണിക്കൽ നോട്ടീസ് നല്കണമെന്നും വിശദീകരണം തൃപ്തികരമല്ലെങ്കിൽ മാതൃകാപരമായ ശിക്ഷണനടപടി നിയമാനുസൃതം സ്വീകരിക്കണമെന്നും സിനഡ് ബന്ധപ്പെട്ട രൂപതാധ്യക്ഷൻമാർക്കും സന്യാസസമൂഹാധികാരികൾക്കും നിർദ്ദേശം നല്കി. അച്ചടക്കനടപടികളെ സഭാവിരുദ്ധഗ്രൂപ്പുകളുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ പ്രതിരോധിക്കാനുള്ള സമീപകാല പ്രവണത അംഗീകരിക്കാനാവില്ല.

2.സഭയെയും സഭാദ്ധ്യക്ഷന്മാരെയും വൈദിക-സമർപ്പിത ജീവിതത്തെയും കൂദാശകളെയും അധിക്ഷേപിക്കുകയെന്ന ലക്ഷ്യത്തോടെ അനുദിനമെന്നോണം വ്യാജ വാർത്തകൾ ചമയ്ക്കുന്ന ഓൺലൈൻ പത്രങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങൾക്കെതിരെയും സഭാവിരുദ്ധമായ ചില നാമമാത്ര സംഘടനകൾക്കെതിരെയും ശക്തമായ നിയമനടപടി സ്വീകരിക്കുവാൻ സിനഡ് തീരുമാനിച്ചിട്ടുണ്ട്. സഭ നിയോഗിക്കുന്ന ഔദ്യോഗിക വക്താക്കളോമീഡിയ കമ്മീഷനോ വഴിയല്ലാതെവരുന്ന സഭാസംബന്ധമായ വാർത്തകൾ സഭയുടെ ഔദ്യോഗിക നിലപാടുകളാണെന്ന് ആരും തെറ്റിദ്ധരിക്കരുത്.

3.ചാനൽചർച്ചകളിലും അഭിമുഖങ്ങളിലും വൈദികരും സന്യസ്തരും രൂപതാധ്യക്ഷന്റെയോ മേജർസുപ്പീരിയറുടെയോ അനുമതിയോടെ മാത്രമേ ഇനിമേൽ പങ്കെടുക്കാൻ പാടുള്ളൂ. സഭയുടെയും സഭാതലവന്റെയും പേരിൽ സംസാരിക്കാനും മാധ്യമങ്ങളിൽ അവരുടെ ഔദ്യോഗികവക്താക്കളാകാനും സഭാകേന്ദ്രത്തിൽനിന്ന് നിയോഗിക്കുന്നവരല്ലാതെ മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല എന്നവിവരം ഇത്തരുണത്തിൽ നിങ്ങളെ അറിയിക്കട്ടെ. ചാനൽചർച്ചകളിൽ സ്വന്തം നിലയിൽ പങ്കെടുക്കുന്ന വ്യക്തികളെ സഭയുടെ പ്രതിനിധികളായി തെറ്റിദ്ധരിപ്പിക്കുംവിധം വിശേഷിപ്പിക്കുന്ന പ്രവണത പ്രതിഷേധാർഹമാണ്. മാധ്യമസംബന്ധമായ കാര്യങ്ങൾ ഏകീകരിച്ച് നടപ്പിലാക്കാൻ സിനഡ് ഒരുമീഡിയ കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

4.പൊതുസമരങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇറങ്ങിപ്പുറപ്പെടുന്ന വൈദികരും സന്യസ്തരും ഇവയെസംബന്ധിച്ചുള്ള കാനോനികനിയമങ്ങൾ പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച അച്ചടക്കലംഘനമായി പരിഗണിക്കപ്പെടും. വൈദികരായോ സന്യസ്തരായോ തുടരുന്നകാലത്തോളം അവർ സഭയുടെ കാനോനികനിയമങ്ങളും അച്ചടക്കവും നിർബന്ധമായും പാലിക്കേണ്ടതാണ്.

5.സഭയിലെ ഏതെങ്കിലും ആശയത്തിന്റെപേരിലോ വ്യക്തിയുടെ പേരിലോ വിഭാഗീയത സൃഷ്ടിക്കുകയും ചേരിതിരിഞ്ഞ് ആരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന പ്രവണത മിശിഹായുടെ ശരീരമായ സഭയെ മുറിപ്പെടുത്തുന്നതാണ്. ഇത്തരം പ്രവണതകളെ ഗുരുതരമായ അച്ചടക്കലംഘനമായി കരുതി കർശനനടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

6.സഭാതനയർ കാലാകാലങ്ങളിൽ അദ്ധ്വാനിച്ചുണ്ടാക്കിയ സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സർക്കാരിനെ ഏല്പിക്കണമെന്നു വാദിക്കുന്ന സംഘടനകളെയും സഭയിലെ സുതാര്യതയ്ക്കുവേണ്ടി എന്ന വ്യാജേന സഭാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളെയും സിനഡ് പൂർണമായും തള്ളിക്കളയുന്നു. ഇവരുടെ പ്രവർത്തനങ്ങൾ സഭയിൽ വിഭാഗീയത വളർത്തുന്നതും സഭാഗാത്രത്തിൽ ആഴമായ മുറിവേല്പിക്കുന്നതുമായതിനാൽ ഇത്തരം സംഘടനകളുമായി സഭാവിശ്വാസികൾ യാതൊരുവിധത്തിലും സഹകരിക്കരുതെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു. വ്യക്തിപരമായ കാരണങ്ങളാലോ തെറ്റിദ്ധരിപ്പിക്കപ്പെട്ടോ ചുരുക്കം ചിലവ്യക്തികൾ സ്വന്തം നിലയിൽ രൂപികരിക്കുന്ന സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സഭയുടെ ഔദ്യോഗികസംഘടനയും പ്രസ്ഥാനവുമാണെന്നു തോന്നിപ്പിക്കുന്ന പേരുകൾ നല്കി പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് സഭാവിരുദ്ധ പ്രവർത്തനം നടത്തുന്ന വ്യക്തികളെ സഭാമക്കൾ തിരിച്ചറിയുകയും അവരുടെ പ്രവർത്തനങ്ങൾക്കെതിരേ ജാഗ്രത പുലർത്തുകയുംവേണം.

തിരുസ്സഭ ഈശോമിശിഹായുടെ ശരീരമാകയാൽ സഭയുടെ കൂട്ടായ്മക്കുവേണ്ടി പരിശ്രമിക്കാൻ നമുക്കെല്ലാവർക്കും കടമയുണ്ടെന്ന് ഓർമിക്കണം. സഭയിലെ ഐക്യത്തിനായി നിങ്ങൾ എല്ലാവരും തുടർന്നും പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. സഭയുടെ കെട്ടുറപ്പിന് അത്യന്താപേക്ഷിതമായ അച്ചടക്കം നിലനിറുത്താൻ സിനഡ് കൈക്കൊണ്ട ഈ തീരുമാനങ്ങൾ എല്ലാ സഭാവിശ്വാസികളും തുറന്ന മനസ്സോടെ സ്വീകരിച്ച് നടപ്പിലാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. കൂട്ടായ്മയുടെ അരൂപിയായ പരിശുദ്ധാത്മാവ് നമ്മെ നേർവഴിക്ക് നയിക്കട്ടെ. തിരുസഭയുടെ അമ്മയായ പരിശുദ്ധ കന്യാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,

+ GrAlencherry

കർദിനാൾജോർജ്ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർആർച്ച്ബിഷപ്പ്